"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭവനനിർമ്മാണം - കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം-2024-25 വർഷത്തെ പദ്ധതി വിഹിതം- 'ഗവേഷണവും വികസനവും, സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും (മെറ്റീരിയലുകളുടെ പ്രസിദ്ധീകരണം ഉൾപ്പെടെ)' എന്ന പദ്ധതിയ്ക്ക് തുക റിലീസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.52/2024/HSG തീയതി,തിരുവനന്തപുരം, 03-09-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.40/2024/ഭവനം തീയതി 19.06.2024.

2. 25.07.2024-ലെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ കത്ത്.

**<u>ഉത്തരവ്</u>**

2024-25 സാമ്പത്തിക വർഷത്തെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'ഗവേഷണവും വികസനവും, സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും (മെറ്റീരിയലുകളുടെ പ്രസിദ്ധീകരണം ഉൾപ്പെടെ)' എന്ന പദ്ധതിയ്ക്ക് 2216-80-101-98 എന്ന ശീർഷകത്തിൽ നിന്ന് 50,00,000/- രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'ഗവേഷണവും വികസനവും, സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും (മെറ്റീരിയലുകളുടെ പ്രസിദ്ധീകരണം ഉൾപ്പെടെ)' എന്ന പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള 50,00,000/- രൂപ റിലീസ് ചെയ്തു നൽകണമെന്ന് പരാമർശം (2) പ്രകാരം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'ഗവേഷണവും വികസനവും, സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും (മെറ്റീരിയലുകളുടെ പ്രസിദ്ധീകരണം ഉൾപ്പെടെ)' എന്ന പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം 2216-80-101-98 എന്ന ശീർഷകത്തിൽ നിന്നും ആദ്യ ഗഡുവായി 15,00,000/- രൂപ (പതിനഞ്ചു ലക്ഷം രൂപാ മാത്രം) നിലവിലുള്ള ഫണ്ട് റിലീസ് വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. അടുത്ത റിലീസിനായി പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ പദ്ധതിയുടെ പുരോഗതി റിപ്പോർട്ട്, നടത്തിയിട്ടുള്ള ബോധവൽക്കരണ പരിപാടികൾ സംബന്ധിച്ച വിവരവും ആയതിന്റെ ഇനം തിരിച്ചുള്ള ചെലവ് വിവരങ്ങളും, റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ കൂടി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

തരുൺ ലാൽ.എസ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്(WW-WW1/124/2024-FIN dated:27.08.2024)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
Date: 04-09-2024 17:29:37
സെക്ഷൻ ഓഫീസർ